# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2634** — **19/02/2016 ൽ മറുപടി**

## പാഠപുസ്തക അച്ചടി

| **ശ്രീ.വിശിവൻ കുട്ടി<br>ശ്രീ.ടി.വി.രാജേഷ്<br>ശ്രീ.ആർ രാജേഷ്<br>ശ്രീമതി. കെ.കെ.ലതിക** | | | **ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
|---|---|---|---|---|
| **ചോദ്യം** | | | **നൽകിയ മറുപടി** | **അന്തിമ മറുപടി** |
| എ) | അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) | സർക്കാർ ഉത്തരവ് (കൈ)നം: 281 2015/പൊ.വി.വ തീയതി: 5.11.2015 പ്രകാരം 2016-17 അധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്ക് ആവശ്യമായിട്ടുള്ള പേപ്പറുകളുടെ വാങ്ങലും അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട് കെ.ബി.പി.എസിൽ അച്ചടി ജോലി ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പ്ലസ്സ് ക്ലാസുകളിലെ പാഠപുസ്തകങ്ങളും സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യാൻ നടപടികൾ കൈകൊണ്ട് വരുന്നു. | സർക്കാർ ഉത്തരവ് (കൈ)നം: 281/2015/പൊ.വി.വ തീയതി: 5.11.2015 പ്രകാരം 2016-17 അധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്ക് ആവശ്യമായിട്ടുള്ള പേപ്പറുകളുടെ വാങ്ങലും അച്ചടിയും വിതരണവും പൂർണ്ണമായും കെ.ബി.പി.എസി നെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട് കെ.ബി.പി.എസിൽ അച്ചടി ജോലി ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പ്ലസ്സ് ക്ലാസുകളിലെ പാഠപുസ്തകങ്ങളും സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യാൻ നടപടികൾ കൈകൊണ്ട് വരുന്നു. |
| ബി) | പാഠപുസ്തകങ്ങളുടെ പകർപ്പ് യഥാസമയം തയ്യാറാക്കി നൽകുവാൻ എസ്.ഇ.ആർ.ടി-ക്ക് കഴിഞ്ഞിട്ടുണ്ടോ; അച്ചടിക്കാനുള്ള മുഴുവൻ പാഠപുസ്തകങ്ങളുടെയും പകർപ്പ് അച്ചടിക്കായി കൈമാറിയിട്ടുണ്ടോ; ആയത് എന്നാണെന്ന് വ്യക്തമാക്കുമോ | ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ് | 2017-18 അക്കാദമിക് വർഷത്തേക്കായി എസ്.ഇ.ആർ.ടി പുതിയ പാഠപുസ്തകങ്ങളൊന്നും തയ്യാറാക്കുന്നില്ല. പകരം നിലവിലെ പാഠപുസ്തകങ്ങൾ റീ-പ്രിന്റ് ചെയ്യുകയാണ്. ഇവയിൽ ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിലേക്കുള്ള മുഴുവൻ പാഠപുസ്തകങ്ങളും റീ-പ്രിന്റിംഗി |

| | | | | |
|---|---|---|---|---|
| | | | | നായി നൽകിക്കഴിഞ്ഞു. കൂടാതെ ഹൈസ്കൂൾ ക്ലാസുകളിലെ മലയാളം, സയൻസ്, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളൊഴികെ എല്ലാ വിഷയങ്ങളുടെ പാഠപുസ്തകങ്ങളും അച്ചടിക്കായി ഇതിനകം കൈമാറിക്കഴിഞ്ഞു. മേൽ സൂചിപ്പിച്ച വിഷയങ്ങളുടെ പാഠപുസ്തകങ്ങൾ വിദഗ്ദ പരിശോധനക്കു ശേഷം എത്രയും വേഗം റീ-പ്രിന്റിനായി നൽകുന്നതാണ്. |
| സി) | പാഠപുസ്തക അച്ചടി ഏതെല്ലാം ഏജൻസികളെയാണ് ഏൽപ്പിച്ചിട്ടുള്ളത്. | സി) | 1-10 വരെയുള്ള പാഠപുസ്തകങ്ങൾ കെ.ബി.പി.എസിനെയും വൊക്കേഷണൽ/ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ സി-ആപ്റ്റിനെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. | 1-10 വരെയുള്ള പാഠപുസ്തകങ്ങൾ കെ.ബി.പി. എസിനെയും വൊക്കേഷണൽ/ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ സി-ആപ്റ്റിനെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്. |
| ഡി) | പാഠപുസ്തക അച്ചടിക്ക് പണം അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന് അയച്ച ഫയലുകളിൽ തീരുമാനം വൈകുന്നതായി ആക്ഷേപം ഉയർന്നിട്ടുണ്ടോ; വിശദമാക്കാമോ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ മുൻകൂട്ടി അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | ഇ) | സ്വീകരിച്ചിട്ടുണ്ട്. | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ